# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2113 18.06.2013-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ; | അടിസ്ഥാന സൗകര്യ വികസനത്തിന് സംസ്ഥാനത്തിന്റെ സാമ്പത്തിക വികാസത്തിലുള്ള മുഖ്യ പങ്ക് കണക്കിലെടുത്ത് ഈ മേഖലയുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് നിരവധി വൻകിട പദ്ധതികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട് കൊച്ചി മെട്രോ, ഹൈ സ്പീഡ് റെയിൽ കോറിഡോർ, തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പ്രോജക്ട്, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, 35-ാം നാഷണൽ ഗെയിംസ് പദ്ധതികൾ, മൊബിലിറ്റി ഹബ്ബ് എന്നിവ അവയിൽ ചിലതാണ്. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായ കാർഷിക മേഖലയുടെ മുന്നേറ്റത്തിനായി എല്ലാ ചെറുകിട കർഷകർക്കും പലിശ രഹിത കാർഷിക വായ്പാ ലഭ്യത ഉറപ്പാക്കുന്നതിനും ഹൈടെക് കൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉത്പന്നങ്ങൾ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റുന്നതിനും അതുവഴി കാർഷികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനും നടപടികൾ കൈക്കൊണ്ടുവരുന്നു. അതുപോലെ തന്നെ മാനവ വിഭവശേഷി വികസനത്തിനും പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരിയർ ഡെവലപ്മെന്റ് മിഷൻ, പ്ളെയിസ്മെന്റ് സെല്ലുകൾ തുടങ്ങിയവ ആരംഭിക്കാൻ ശ്രമം തുടങ്ങിയിട്ടുണ്ട്.<br>വികസന പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനായി അധിക വിഭവ സമാഹരണം ലക്ഷ്യമിട്ടുകൊണ്ട്, പുതിയ നികുതി-നികുതിയേതര വരുമാനങ്ങൾ കണ്ടെത്തുന്നതിനും നിലവിലെ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും കൃത്യമായ ധനകാര്യ മാനേജ്മെന്റിലൂടെ റവന്യൂ ചെലവ് ചുരുക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ധനസംബന്ധമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംസ്ഥാനത്തിന് എത്രത്തോളം വിജയിക്കാൻ കഴിഞ്ഞിട്ടുണ്ട് ; ഇതിനായി എന്തെല്ലാം പരിശ്രമങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട് ? | 2012-13 ൽ സംസ്ഥാനം ദേശീയ ശരാശരി നിരക്കായ 6.2 ശതമാനത്തേക്കാൾ 3.31 ശതമാനം അധിക വളർച്ച നേടിയിട്ടുണ്ട്. ഇത് കഴിഞ്ഞ 10 വർഷത്തെ ഏറ്റവും ഉയർന്ന വളർച്ചാ നിരക്കാണ്. സംസ്ഥാനത്തിന്റെ 2012-13 ലെ റവന്യൂ വരുമാനം മുൻ വർഷത്തേക്കാൾ 20.53% വർദ്ധന കൈവരിച്ചു. മുൻ കാലങ്ങളെ അപേക്ഷിച്ച് പദ്ധതി അടങ്കലിൽ 21.34 ശതമാനം വർദ്ധന വരുത്തിയതിലൂടെ നടപ്പുവർഷത്തെ വളർച്ചാനിരക്ക് 9.58 ശതമാനത്തിൽ എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ബജറ്റ് അടങ്കൽ ജി.എസ്.ഡി.പി.യുമായി താരതമ്യം ചെയ്യുമ്പോൾ 2011-12 ൽ 16.2 ശതമാനവും 2012-13 ൽ 16.4 ശതമാനവും മാത്രമായിരുന്നത് 2013-14 ൽ 16.7 ശതമാനമാക്കി ഉയർത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളാണ് സാമ്പത്തിക വളർച്ചാലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തടസം സൃഷ്ടിക്കുന്നത് എന്നതിനാൽ പദ്ധതി നിർവ്വഹണത്തിലെ കാലവിളംബം ഒഴിവാക്കുന്നതിന് സാമ്പത്തിക വർഷത്തിന്റെ ആദ്യ മാസങ്ങളിൽ തന്നെ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ പദ്ധതികളുടെ രൂപകല്പന പൂർത്തിയാക്കാനും പദ്ധതി നിർവ്വഹണത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് വിദഗ്ധ പരിശീലനം നൽകാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇലക്ട്രോണിക് സംവിധാനത്തിലൂടെ പദ്ധതികൾക്ക് അനുമതി നൽകുന്നതിനും ഫണ്ട് വിതരണം നടത്തുന്നതിനും ഉദ്ദേശിക്കുന്നു. ബജറ്റ് പ്രസംഗത്തിലെ പുതിയ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് പദ്ധതികളുടെ സമയബന്ധിതമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ